ജീവനക്കാരുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള ആലോചനായോഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ സെക്രട്ടേറിയറ്റ് സർവ്വീസ് സംഘടനകളുടെ തെരഞ്ഞെടുപ്പു നടത്തുന്നതിനും സെക്രട്ടേറിയറ്റ് ജീവനക്കാരിൽ ആർക്കെങ്കിലും ജീവഹാനി സംഭവിച്ചാൽ അനുശോചന യോഗം കൂടുന്നതിനും, ഡർബാർഹാൾ അനുവദിച്ചുകൊടുക്കാറുണ്ട്.

(ബി) സർവ്വീസ് സംഘടനകളുടെ പ്രവർത്തകയോഗങ്ങൾ ഓഫീസ് സമയത്ത് നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. എന്നാൽ വനിതാ ജീവനക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് സെക്രട്ടേറിയറ്റ് സ്റ്റാഫ് കൗൺസിൽ 2.2.1979-ലും സെക്രട്ടേറിയറ്റ് സർവ്വീസ് സംഘടനകളുടെ ജോയിന്റ് കമ്മിറ്റി 2.3.1979 ലും വിളിച്ചു കൂട്ടിയ ആലോചനായോഗങ്ങളിൽ വൈകിട്ട് 4 മണിമുതൽ പങ്കെടുക്കുന്നതിന് വനിതാ ജീവനക്കാർക്ക് അനുവാദം നൽകിയിട്ടുണ്ട്. ഇതിനു പുറമേ ജീവനക്കാരിൽ ആർക്കെങ്കിലും ജീവഹാനി സംഭവിച്ചാൽ അനുശോചനയോഗം ചേരുന്നതിന് 15 മിനിറ്റ് നേരത്തെ ഇളവ് അനുവദിക്കാറുണ്ട്.

(സി) അനുശോചനയോഗങ്ങൾ കൂടുന്നതിനും തിരഞ്ഞെടുപ്പു നടത്തുന്നതിനും ഇപ്പോഴും നിലവിലുള്ള ആനുകൂല്യം സെക്രട്ടേറിയറ്റിലെ എല്ലാ അംഗീകൃത സർവ്വീസ് സംഘടനകൾക്കും നൽകാറുണ്ട്.

വൈദ്യുതീകരണം നടത്തണമെന്ന് നിവേദനം

966 [1555] ശ്രീ. വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിവർഗ്ഗപ്രദേശങ്ങളായ (കോട്ടയം ജില്ല) മേലുകാവ്, കുളത്തിക്കണ്ടം, പെരുമല, ഇരുമാപ്ര, ഇരുമാപ്രമറ്റം, കുറിഞ്ഞിപ്ലാവ്, അടുക്കം തുടങ്ങിയ സ്ഥലങ്ങളിൽ വൈദ്യുതീകരണം നടത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഈ പ്രദേശങ്ങളെ മിനിമം ഗാരൻറിയിൽനിന്നും ഒഴിവാക്കുവാൻ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) മേലുകാവ് ഗ്രാമവാസികളെ പ്രതിനിധീകരിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) മേലുകാവ് പ്രദേശം വൈദ്യുതീകരിക്കുന്നതിന് 2,06,810 രൂ യുടെ ഒരു എസ്റ്റിമേറ്റിന് അംഗീകാരം കൊടുത്തിട്ടുണ്ട്. കൂടാതെ ചാലം, ഈരാറ്റുപേട്ട ആർ.ഇ.സി. സ്കീമിൽ ഉൾപ്പെടുത്തി മേലുകാവ്, എരുമപ്ര, അടുക്കം തുടങ്ങിയ സ്ഥലങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള, ഒരു പദ്ധതിക്ക് ഗ്രാമവൈദ്യുതീകരണ കോർപ്പറേഷൻ 3.3.1979-ൽ അനുവാദം നൽകിയിട്ടുണ്ട്.

(സി) ഗ്രാമവൈദ്യുതീകരണ സ്കീമിൽ ഉൾപ്പെടുന്നതുകൊണ്ട് പതിനൊന്ന് കെ.വി. ലൈൻ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്നതിന് മിനിമം ഗാരൻറിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly